# ശാസ്ത്രീയമായ സത്യാന്വേഷണപരീക്ഷകൾ

ഡോ. കെ.ജി. പൗലോസ്

നമ്മുടെ കാലഘട്ടത്തിലെ ഏറ്റവും വലിയ ധിഷണാശാലികളിൽ ഒരാളായിരുന്നു ദേബീ പ്രസാദ് ചടോപാദ്ധ്യായ (1918–1993). അമ്പതിലധികം കൃതികളും അനേകം ഗവേഷണ പ്രബന്ധങ്ങളും അദ്ദേഹം നമുക്ക് നൽകിയിട്ടുണ്ട്. എല്ലാം അതത് മേഖലകളിൽ പുതിയവഴി വെട്ടിത്തെളിയിച്ചവയാണ്. അദ്ധ്യാപനത്തോടൊപ്പം, ഇന്ത്യൻകൗൺസിൽ ഓഫ് ഹിസ്റ്റോറിക്കൽ റിസർച്ച്, ഇന്ത്യൻ കൗൺസിൽ ഓഫ് ഫിലസോഫിക്കൽ റിസർച്ച് തുടങ്ങി അനേകം സ്ഥാപനങ്ങളിലൂടെ അദ്ദേഹം നിരന്തരം സമൂഹത്തോട് ബന്ധപ്പെട്ടിരുന്നു. പ്രൊഫ. ജോർജ് തോംസൺ, രജനി പാംദത്ത്, ജോസഫ് നീധാം, ഗോർഡൺ ചൈൽഡ് എന്നിവരുമായുള്ള സൗഹൃദം അദ്ദേഹത്തിന്റെ ചിന്തകളെ സ്വാധീനിച്ചിട്ടുണ്ട്. 1993-ൽ 75-ാമത്തെ വയസ്സിൽ വിട്ടുപിരിഞ്ഞ അദ്ദേഹം വലിയൊരു ഭാരമാണ് നമ്മെ ഏൽപ്പിച്ചിരിക്കുന്നത്, വർത്തമാനകാലത്തിൽ അത് ഏറ്റവും പ്രസക്തവുമാണ്.

Lokayatha, Indian Atheism, What is Living and what is dead in Indian Philosophy, Science and Society in Ancient India, Religion and Society, History of Science and Technology in Ancient India തുടങ്ങിയ അനേകം ഭാഷകളിൽ പരിഭാഷകളുള്ള അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങൾ വായിക്കുകയും വിലയിരുത്തുകയും ചെയ്ത് ഇന്നത്തെ സമൂഹത്തിൽ പ്രചരിപ്പിക്കേണ്ടത് യഥാർത്ഥ ഭാരതീയമൂല്യങ്ങളെ ആദരിക്കുന്നവരുടെ അവശ്യകർത്തവ്യമായി മാറിയിരിക്കുന്നു. ശാസ്ത്രം, തത്ത്വചിന്ത, ചരിത്രം എന്നീ മൂന്നുമേഖലകളിലെ വസ്തുവിശകലനത്തിൽ അദ്ദേഹം സ്വീകരിച്ച രീതിശാസ്ത്രമാണ് ഈ പ്രബന്ധത്തിൽ പ്രതിപാദിക്കുന്നത്.

## 1. ശാസ്ത്രസമീക്ഷ

അവസാനകാലത്തോടടുത്തെഴുതിയ ഒരു ഗ്രന്ഥത്തിൽ രസകരമായ ഒരു സംഭവം അദ്ദേഹം വിവരിക്കുന്നുണ്ട്. ഭാരതത്തിന്റെ ശാസ്ത്രനയത്തെപ്പറ്റി ചർച്ചചെയ്യാൻ കൂടിയ പാർലിമെന്ററികമ്മിറ്റിയുടെ ഒരു യോഗം. വിഭവസമൃദ്ധമായ ചായസൽക്കാരം സാധാരണ അത്തരം ചർച്ചകളുടെ ഭാഗമാണ്. ഏറെ നേരമായിട്ടും ചായ കിട്ടാതിരുന്നപ്പോൾ മുതിർന്ന പാർലമെന്റംഗം പ്രൊഫ. ഹിരൺ മുഖർജി കാരണമന്വേഷിച്ചു. അദ്ധ്യക്ഷതവഹിച്ചിരുന്ന പ്രധാനമന്ത്രി ഇന്ദിരാഗാന്ധി 'ആർക്കൊക്കെ ചായവേണ'മെന്നന്വേഷിച്ചു. രണ്ടുപേർ മാത്രം കൈപൊക്കി – പ്രൊഫ. മുഖർജിയും ശ്രീമതി വിജയ

ലക്ഷ്മി പണ്ഡിറ്റും. അവർക്ക് ചായ നൽകി, ആവശ്യം കഴിഞ്ഞ് വലിച്ചെറിയാവുന്ന വിലകുറഞ്ഞ ഗ്ലാസ്സുകളിൽ.

അന്നു ചന്ദ്രഗ്രഹണദിവസമായിരുന്നു. രാഹു ചന്ദ്രനെ ഗ്രസിക്കുമ്പോൾ അന്തരീക്ഷമാകെ പ്രസരിക്കുന്ന വിഷവീര്യത്താൽ സർവ്വവും വിഷമയമാകുമെന്ന വിശ്വാസമുള്ളതുകൊണ്ടാണ് അന്ന് പാർലമെന്ററി കമ്മിറ്റിക്ക് ചായ നൽകാതിരുന്നത്!

ഭാരതീയ ശാസ്ത്രപാരമ്പര്യത്തിന്റെ ശക്തിയും ദൗർബ്ബല്യവും വിളിച്ചോതുന്നതാണ് ഈ അനുഭവം; ശാസ്ത്രകാര്യങ്ങൾ പാർലമെന്ററി കമ്മിറ്റി പ്രധാനമന്ത്രിയുടെ തന്നെ അധ്യക്ഷതയിൽ ഗൗരവമായി ചർച്ചചെയ്യുന്നു എന്നത് സ്വതന്ത്രഭാരതത്തിന്റെ ശാസ്ത്രനയത്തിന്റെ ശക്തി; ഇത്തരം അന്ധവിശ്വാസങ്ങളാണ് പങ്കെടുക്കുന്നവരിൽ ഭൂരിപക്ഷത്തിന്റെയും മനസ്സിലെന്നത് ദൗർബ്ബല്യം.

ആര്യഭടൻ (പൊതുവർഷം 476), വരാഹമിഹിരൻ (പൊതുവർഷം 505), ബ്രഹ്മഗുപ്തൻ (പൊതുവർഷം 595) എന്നിവരാണ് പ്രാചീനഭാരതത്തിലെ പ്രശസ്തരായ ജ്യോതിശ്ശാസ്ത്രജ്ഞന്മാർ. ആര്യഭടൻ വളരെകൃത്യമായി ചന്ദ്രഗ്രഹണത്തിന്റെയും സൂര്യഗ്രഹണത്തിന്റെയും കാരണങ്ങൾ വിവരിക്കുന്നുണ്ട്. ചന്ദ്രന്റെ നിഴൽ സൂര്യനിൽ പതിക്കുമ്പോൾ സൂര്യഗ്രഹണവും ഭൂമിയുടെ നിഴൽ ചന്ദ്രനിൽ പതിക്കുമ്പോൾ ചന്ദ്രഗ്രഹണവും ഉണ്ടാകുന്നു. ഈ വസ്തുത ബ്രഹ്മഗുപ്തനും അറിയാതിരിക്കാൻ വയ്യ. എങ്കിലും ബ്രഹ്മഗുപ്തൻ ആര്യഭടനെ നിശിതമായി വിമർശിക്കുന്നു.

> 'രാഹുകേതുക്കളല്ല ഗ്രഹണങ്ങൾ ഉണ്ടാക്കുന്നതെന്ന് ചിലർ വിശ്വസിക്കുന്നു. ഇത് വിഡ്ഢിത്തവും അനേകരുടെ വിശ്വാസത്തിനെതിരുമാണ്. ബ്രഹ്മമുഖത്തുനിന്നുദ്ഭവിച്ച വേദങ്ങളും മനു നിർമിച്ച സ്മൃതിയുമൊക്കെ പറയുന്നത് തെറ്റാകൻ വയ്യ. ഇതൊക്കെ തെറ്റാണെന്ന് പ്രഖ്യാപിക്കുന്നവന്റെ സ്ഥാനം അംഗീകൃത ജ്ഞാനശേഖരത്തിന് വെളിയിലായിരിക്കും. ദൈത്യസ്ത്രീയുടെ പുത്രനാണ് രാഹുവെന്ന് വേദം പറയുന്നു. രാഹുകേതുക്കൾ ഗ്രസിച്ചുകഴിയുമ്പോൾ ജലമെല്ലായിടത്തും ഗംഗയിലേതുപോലെ നിർമലമാകുമെന്ന് മനു പറയുന്നു. ഇതു തെറ്റാണെങ്കിൽ ഗ്രഹണസമയത്ത് ബ്രാഹ്മണർ അനുഷ്ഠിക്കുന്ന ആചാരങ്ങൾ വ്യർത്ഥമാണെന്ന് വരും. അങ്ങനെ സംഭവിക്കുകയില്ല. അതുകൊണ്ട് ശാസ്ത്രകാരന്മാർ വേദസ്മൃതിസംഹിതകളിലെ വസ്തുതകളെ എതിർക്കരുത്.'

ബ്രഹ്മഗുപ്തന്റെ ഈ നിലപാടുയർത്തുന്ന ഗൗരവമായ പ്രശ്നമിതാണ് - സത്യമോ വിശ്വാസമോ എതാണൊരു ശാസ്ത്രജ്ഞനു വലുത്. വിശ്വാസത്തിനെതിരാണ് വസ്തുതത്ത്വമെങ്കിൽ ശാസ്ത്രജ്ഞനെവിടെനിൽക്കണം. ആര്യഭടൻ സത്യത്തിനൊപ്പം നിന്നു; ബ്രഹ്മഗുപ്തൻ വിശ്വാസത്തെ പുൽകിനിന്നു.

ഇവിടെ സംസാരിക്കുന്നത് ബ്രഹ്മഗുപ്തനിലെ ശാസ്ത്രജ്ഞനല്ല, പുരോഹിതനാണ്. ഇത്തരം ദൗർബ്ബല്യമില്ലാതിരുന്നതുകൊണ്ടാണ് ആര്യഭടന് ശാസ്ത്രസത്യം തുറന്നുപറയാൻ കഴിഞ്ഞത്. 'ആര്യഭട്ടൻ' എന്ന് തെറ്റായി എഴുതി അദ്ദേഹത്തെ ബ്രാഹ്മണനാക്കാൻ ശ്രമിക്കുന്നവരുണ്ട്. ഭടൻ എന്നത് താഴ്ന്ന ജന്മത്തെക്കുറിക്കുന്നു, ഒരുപക്ഷേ ആയുർവേദത്തിലെ വാഗ്ഭടനെപ്പോലെ ബൗദ്ധസ്വാധീനത്തെയും. ദൈവങ്ങളുടെ ഇടപെടലിൽ നിന്ന് ശാസ്ത്രത്തെ മോചിപ്പിച്ച് അതിനെ മാനവികമാക്കിയ ഭാരതത്തിലെ ആദ്യത്തെ ആചാര്യൻ ആര്യഭടനാണ്. പക്ഷേ, ആര്യഭടൻ ഒറ്റപ്പെട്ട ഉദാഹരണമാണെന്ന് ധരിക്കരുത്. മൂന്നു നൂറ്റാണ്ട് കഴിഞ്ഞ് വടേശ്വരൻ (പൊതുവർഷം 880) ബ്രഹ്മഗുപ്തനെ അതേ നാണയത്തിൽ തിരിച്ചടിച്ചു. വടേശ്വരസിദ്ധാന്തത്തിന്റെ പത്താമദ്ധ്യായത്തിലെ ഒന്നാം ഭാഗം മുഴുവൻ ബ്രഹ്മഗുപ്തനുള്ള മറുപടിയാണ്. ബ്രഹ്മഗുപ്തന്റെ സ്മൃതിപ്രണയം അദ്ദേഹത്തിന്റെ ശാസ്ത്രബോധത്തിന് വിരുദ്ധമാണെന്നാണ് വടേശ്വരൻ പറഞ്ഞുവെച്ചതിന്റെ ചുരുക്കം.

നല്ലൊരു ശാസ്ത്രജ്ഞനായിട്ടും ബ്രഹ്മഗുപ്തൻ ഇത്തരമൊരു നിലപാടെടുത്തതെന്തുകൊണ്ട് എന്നൊരു ചോദ്യമുണ്ട്. അതിന് പതിനൊന്നാം നൂറ്റാണ്ടിലിന്ത്യയിലെത്തി ഏറെക്കാലം ഇവിടുത്തെ ശാസ്ത്രങ്ങളെ പഠിച്ച പേർഷ്യാക്കാരനായ അൽബെറൂണി ഒരു ഉത്തരം കണ്ടെത്തുന്നുണ്ട്. മുപ്പതാമത്തെ വയസ്സിലാണ് ബ്രഹ്മഗുപ്തൻ ബ്രഹ്മസിദ്ധാന്തം എഴുതുന്നത്. അപക്വമായ ആ പ്രായമാകാം ഇത്തരം നിലപാടെടുക്കാൻ കാരണം എന്നതാണ് അദ്ദേഹത്തിന്റെ നിഗമനം. പക്ഷേ, അങ്ങനെ വിടാവുന്ന കേസല്ല ഇതെന്നാണ് ദേബീപ്രസാദിന്റെ അഭിപ്രായം. കാരണം മതവും പൗരോഹിത്യവും എല്ലായ്പ്പോഴും ഇന്ത്യയിൽ ശാസ്ത്രത്തിന്റെ വളർച്ചയെ തടഞ്ഞിട്ടുണ്ട്; അവയെ പ്രതിരോധിക്കാൻ ശാസ്ത്രജ്ഞർക്ക് വലിയ വിലകൊടുക്കേണ്ടിവന്നിട്ടുമുണ്ട്.

എന്തിനാണ് മതം നിരന്തരം ശാസ്ത്രത്തെ വേട്ടയാടുന്നത്. ഗലീലിയോയുടെ (1564–1642) ഗതി നമുക്കറിയാം. അദ്ദേഹത്തിന്റെ ശിഷ്യനാണ് പ്രസിദ്ധ ഗണിതജ്ഞനായ റെനേ ദെക്കാർത്തെ (1506–1650). കോപ്പർനിക്കസിന്റെ സിദ്ധാന്തങ്ങളെ പിൻതുടർന്നതിനാണ് ഗലീലിയോയെ മതം പീഡിപ്പിച്ചത്. അദ്ദേഹത്തിന്റെ ആശയങ്ങളെ പിൻതുടരുന്നവനായിരുന്നു ദെക്കാർത്തെ. അദ്ദേഹം തന്റെ പ്രബന്ധം അച്ചടിക്കാൻ പ്രസ്സിൽ കൊടുത്തിരുന്നു. ഗലീലിയോയുടെ കഥ അറിഞ്ഞപ്പോൾ രഹസ്യമായി അതദ്ദേഹം തിരിച്ചുവാങ്ങി. മരണാനന്തരമാണ് പിന്നെ ആ കൃതി വെളിച്ചം കണ്ടത്.

ഗലീലിയോയ്ക്കും ദെക്കാർത്തെയ്ക്കും മതത്തിന്റെ അനുശാസനത്തിന് കീഴടങ്ങേണ്ടിവന്നു. ഇവിടെ പ്രശ്നം മതം എവിടെയായാലും ശാസ്ത്രത്തെ ഭയക്കുന്നു എന്നതാണ്. അതിന്റെ കാരണമാണ് കണ്ടെത്തേണ്ടത്. ഇതുനമ്മെ അന്ധവിശ്വാസങ്ങളുടെ സാമൂഹ്യധർമമെന്തെന്ന അന്വേഷണത്തിലേയ്ക്ക് നയിക്കുന്നു. പ്ലേറ്റോയുടെ ആദർശ റിപ്പബ്ലിക്കിൽ വളരെ ചെറിയൊരു വിഭാഗമായിരുന്നു പൗരന്മാർ (nobles). സിംഹ

ഭാഗവും അടിമകളായിരുന്നു (slaves). ഉടമകളുടെ ചിന്തകളെ അതേപടി പിന്തുടരുക യായിരുന്നു അടിമകളുടെ ധർമ്മം. എന്നാൽ അന്ധമായി അനുസരിക്കുന്നതിന് ജന സംഖ്യയിൽ ഭൂരിഭാഗം വരുന്ന അടിമകൾ പലപ്പോഴും വിമുഖതകാട്ടി. ഇത് അനേകം അസ്വസ്ഥതകൾക്കു കാരണമായപ്പോൾ ഇവരെ അനുസരിപ്പിക്കാൻ മൂന്നാമതൊരു അനുബന്ധ വിഭാഗം വേണ്ടിവന്നു. പ്ലേറ്റോ അവരെ auxiliaries എന്നുവിളിച്ചു. പോലീസും സൈന്യവുമായിരുന്നു ഇത്. അന്യരാജ്യങ്ങളോട് പൊരുതാനല്ല, സ്വന്തം നാട്ടിലെ ഭൂരി പക്ഷത്തെ മെരുക്കാനായിരുന്നു, ഈ മൂന്നാംമുന്നണി. കുറെ കഴിഞ്ഞപ്പോൾ പ്ലേറ്റോയ്ക്ക് തോന്നി, ഇവർ ചെയ്യുന്ന പ്രവൃത്തി ഇവരേക്കാൾ ഭംഗിയായി നിർവഹി ക്കാൻ കഴിയുന്നത് അന്ധവിശ്വാസങ്ങൾക്കാണെന്ന്. കുഞ്ഞുനാളിൽതന്നെ ഇതവരിൽ ചെലുത്തണം 'ഗുണമുള്ള നുണകൾ' (Beneficial falsehood) എന്നാണ് പ്ലേറ്റോ ഈ അന്ധവിശ്വാസങ്ങളെ വിളിക്കുന്നത്. ഏതൊരു സമൂഹത്തെയും മെരുക്കിയെടുക്കാൻ ഈ വിശുദ്ധനുണകൾക്ക് കഴിയും. നുണകൾ കേട്ട്കേട്ട് പരുവപ്പെടുമ്പോൾ അടിമകൾ കൈകൂപ്പും, തല താഴ്ത്തും, മുട്ടിൽകുനിഞ്ഞ് ഭക്തിയോടെ തറയിലിഴയും. എതിർത്തൊരു വാക്ക് പിന്നെയവർ പറയുമെന്ന് കരുതണ്ട. ഭക്തി യുക്തിയെ കീഴട ക്കുന്നതിങ്ങനെയാണ്; വിശ്വാസം സത്യത്തെ നിരാകരിക്കുന്നതങ്ങനെയാണ്.

മതവും ഭരണകൂടവും തമ്മിലുള്ള ബന്ധത്തിന്റെ രഹസ്യമിതാണ്. അന്ധനും മുട ന്തനും തമ്മിലുള്ള ബാന്ധവമാണത്. മുടന്തന് നടക്കാൻ വയ്യ, അന്ധൻ അവനെ തോളി ലേറ്റുന്നു. മുടന്തന്റെ കണ്ണുകൾ അന്ധനെ വഴിനയിക്കുന്നു. ഭരണകൂടത്തിന് അധികാ രമുണ്ട്, ജനങ്ങളെ അടക്കിനിർത്താനുള്ള ഭാവനയില്ല. പുരോഹിതന് കെട്ടുകഥകൾ മെനയാനുള്ള കഴിവ് ആവോളമുണ്ട്. ഇരുവരും ചേർന്നാൽ ദുർബ്ബലരെ നന്നായി മെരുക്കാം. തങ്ങൾക്കിഷ്ടപ്പെടാത്തതോ തങ്ങളുടെ നിലനില്പിനെ ബാധിക്കുന്നതോ ആയ എന്തിനെയും നേരിടാൻ മതത്തിനുള്ള പരിച പുരോഹിതർ ഉണ്ടാക്കിവെച്ച അന്ധവിശ്വാസമാണ്. ഇതുകൊണ്ട് കഴിഞ്ഞില്ലെങ്കിൽ മതി, പോലീസും സൈന്യവും. ഭാരതത്തിലെ പുരോഹിതർ പക്ഷേ, സൈന്യത്തിന്റെ സഹായം തേടാറില്ല; സ്വയം നീതി നടത്തുകയാണ് പതിവ്.

മഹാഭാരതം ശാന്തിപർവത്തിൽ വ്യാസൻ വർണ്ണിക്കുന്നൊരു സംഭവമുണ്ട്. കുരുക്ഷേ ത്രയുദ്ധം കഴിഞ്ഞ് വിജയിയായി മടങ്ങുകയായിരുന്നു പാണ്ഡവർ. ആയിരക്കണക്കിന് ബ്രാഹ്മണർ നഗരവാതിലിൽ തടിച്ചുകൂടി അവരെ സ്വീകരിച്ചു. യുധിഷ്ഠിരനിൽ അവർ അനുഗ്രഹങ്ങൾ വർഷിച്ചു. ആൾക്കൂട്ടത്തിനിടയിൽ നിന്ന് ഒരു ചാർവാകൻ മുന്നോട്ടു വന്നു രാജാവിനോട് പറഞ്ഞു:

> 'സ്വന്തക്കാരെയും ബന്ധുക്കളെയും വധിച്ചിട്ട് നിങ്ങൾ എന്തുനേടി?
> നിങ്ങൾ മരിക്കുകയാണ് വേണ്ടത്.'

അപ്രതീക്ഷിതമായ ഈ ആക്രമണത്തിൽ ബ്രാഹ്മണർ സ്തംഭിച്ചു. യുധിഷ്ഠിരൻ ബോധ രഹിതനായി. പെട്ടെന്ന് ഗൗരവം മനസ്സിലാക്കിയ ബ്രാഹ്മണർ രാജാവിനെ ആശ്വസിപ്പിച്ചു. 'ഇവൻ അസുരനാണ്, വേഷം മാറിവന്നതാണ്.' രാജാവ് നോക്കിനിൽക്കെ ചാർവാകനെ ബ്രാഹ്മണർ കത്തിച്ച് ചാമ്പലാക്കി! വ്യാസൻ നേരിട്ട് വിവരിക്കുന്ന ഇക്കാര്യത്തിന് മറ്റ് വിശദീകരണങ്ങൾ ആവശ്യമില്ല.

പൗരോഹിത്യത്തിനൊരിക്കലും ഒരിടത്തും ഭിന്നാഭിപ്രായങ്ങളെ ഉൾക്കൊള്ളാൻ കഴിയില്ല. അതുകൊണ്ട് മതത്തിനും ശാസ്ത്രത്തിനും ഒരിക്കലും ഒരിടത്തും സഹവസിക്കാൻ കഴിയില്ല.

പാശ്ചാത്യരാജ്യങ്ങളിൽ വ്യവസായവിപ്ലവവും ജ്ഞാനോദയവും ഉണ്ടായതിന്റെ ഫലമായി മതവും ഭരണകൂടവും തമ്മിൽ വേർപിരിഞ്ഞു. അതിന്റെ ഫലമായി ശാസ്ത്രീയ നേട്ടങ്ങളുണ്ടാക്കാൻ അവർക്ക് കഴിഞ്ഞു.

വർണ്ണാശ്രമത്തിലധിഷ്ഠിതമായ ഭരണക്രമമാണ് ഇന്ത്യയിൽ നിലനിന്നത്. സ്വാതന്ത്ര്യാനന്തരഭാരതമാണ് ശാസ്ത്രബോധം സമൂഹത്തിലെത്തിക്കാൻ ശ്രമിച്ചത്. ഇക്കാര്യത്തിൽ ജവഹർലാൽ നെഹ്റുവിന്റെ നേതൃത്വം ഇന്ത്യയ്ക്കനുഗ്രഹമായി.

വാരാണസിയിൽ അമ്പത്തിയഞ്ചാമത്തെ ശാസ്ത്രകോൺഗ്രസ് ഉദ്ഘാടനം ചെയ്തുകൊണ്ട് 1968-ൽ പ്രധാനമന്ത്രി ഇന്ദിരാഗാന്ധി പ്രഖ്യാപിച്ചു: 'പാരമ്പര്യത്തിലധിഷ്ഠിതമായ ഒരു പ്രാകൃതസമൂഹത്തെ ആധുനികരാഷ്ട്രമായി നാം മാറ്റണം. ഈ പരിവർത്തനത്തിന് ശാസ്ത്രമാണ് നമ്മെ സഹായിക്കുക. ശാസ്ത്രജ്ഞർ പലരും ദ്വൈതവ്യക്തിത്വം (split - personality) ഉള്ളവരാണ് - ഒരു ഭാഗത്ത് ശാസ്ത്രബോധം, മറുഭാഗത്ത് അന്ധവിശ്വാസങ്ങളുടെ കനത്തഭാരം. ഇതുമാറിയാലേ ആധുനികകാലത്തിന്റെ വെല്ലുവിളികൾ ഏറ്റെടുക്കാൻ ഇന്ത്യയ്ക്ക് കഴിയൂ'. ബോംബെയിൽ 2014ലെ ശാസ്ത്രകോൺഗ്രസ്സിലെ ഊന്നൽ മറിച്ചായിരുന്നു. അന്ധവിശ്വാസം മതി, ശാസ്ത്രബോധം വേണ്ട. ശാസ്ത്രംകൊണ്ടുനേടേണ്ടതെല്ലാം ഭാരതീയർ നേടിക്കഴിഞ്ഞു. മനുഷ്യന്റെ ഉടലിൽ ആനയുടെ തല ചേർത്തുവെയ്ക്കുന്ന പ്ലാസ്റ്റിക് സർജറി ആയിരത്താണ്ടുകൾക്ക് മുൻപ് നാം നടത്തിക്കഴിഞ്ഞു! ഈ സാഹചര്യത്തിലാണ് ദേബീപ്രസാദിന്റെ ശാസ്ത്രചിന്തകൾ ഇന്ന് നമുക്ക് ഏറെ പ്രസക്തമാകുന്നത്.

**2. തത്ത്വചിന്താപഠനങ്ങൾ**

തത്ത്വചിന്തയാണ് ദേബീപ്രസാദിന്റെ മുഖ്യവിഷയം. ഭാഗ്യവശാൽ, ഇന്ത്യയിലെന്നല്ല, ലോകത്തുതന്നെയുള്ള ഏറ്റവും വലിയ തത്ത്വചിന്തകരെ - ഡോ. സി. രാധാകൃഷ്ണൻ, ഡോ. എസ്.എൻ. ദാസ്ഗുപ്ത - അദ്ധ്യാപകരായി അദ്ദേഹത്തിന് ലഭിക്കുകയും ചെയ്തു. എന്നാൽ അന്ധമായി അവരെ അനുകരിക്കുകയല്ല അദ്ദേഹം ചെയ്തത്. ഭിന്നമായൊരു വഴി അദ്ദേഹം വെട്ടിത്തെളിയിച്ചു. ഇക്കാര്യത്തിൽ 'പഥികൃത്ത്' എന്നദ്ദേഹത്തെ വിശേഷിപ്പിക്കുന്നതിൽ തെറ്റില്ല.

ആദ്ധ്യാത്മികതയാണ് ഇന്ത്യയുടെ മുഖമുദ്ര എന്നായിരുന്നു ഗുരുവായ രാധാകൃഷ്ണന്റെ സിദ്ധാന്തം. അദ്ദേഹത്തിന്റെ സ്വന്തമല്ല ഈ അഭിപ്രായം, പാശ്ചാത്യപണ്ഡിതന്മാരിൽ നിന്നദ്ദേഹം ഉൾക്കൊണ്ടതാണ്, അത് പ്രചരിപ്പിക്കുക മാത്രമാണ് അദ്ദേഹം ചെയ്തത്. പാശ്ചാത്യ പണ്ഡിതന്മാർക്ക് ഇന്ത്യയെ അദ്ധ്യാത്മികതയുടെ നാടാക്കേണ്ടത് ആവശ്യമായിരുന്നു.

ഡോ. കെ.എൻ. എഴുത്തച്ഛന്റെ കേരളോദയം എന്ന സംസ്കൃതമഹാകാവ്യത്തിലെ ഒരു വിവരണം ഇവിടെ ഓർത്തുപോകുന്നു. കേരളസന്ദർശനത്തിന് ശേഷം പോർത്തുഗലിൽ തിരിച്ചെത്തിയ വാസ്കോഡഗാമ തന്റെ രാജാവിനെ മുഖം കാണിച്ച് കേരളത്തിലെ വിശേഷങ്ങളുണർത്തിക്കുന്നതാണ് സന്ദർഭം. പറഞ്ഞതിന്റെ സാരമിതാണ്. 'അവിടുത്തുകാർ മണ്ടന്മാരാണ്, പശുവിന്റെ ചാണകം കരിച്ച് തേയ്ക്കുന്നവരാണ്, നക്ഷത്രങ്ങളെ നോക്കിയാണവർ കാര്യം നിർണയിക്കുന്നത്, ലോകകാര്യങ്ങളിലൊന്നും അവർക്കൊരു താത്പര്യവുമില്ല. ഈ മാനം നോക്കികളെ പറ്റിച്ചു കുരുമുളക് കച്ചവടം ചെയ്യാൻ നമുക്കൊരു വിഷമവുമുണ്ടാകുകയില്ല.' കാവ്യനീതി അനുസരിച്ചുള്ള അതിശയോക്തി അവഗണിച്ചാലും സന്ദേശത്തിന്റെ ചുരുക്കം ഭാരതീയർ ഭൗതികരല്ല എന്നതാണ്. പ്രാകൃതമായ ഈ അവസ്ഥ പിൽക്കാലത്ത് ഭരണകർത്താക്കളായപ്പോൾ ഭാരതീയരെ പരിഷ്കൃതരാക്കാനുള്ള ഭാരം നിയതി തങ്ങളിലർപ്പിച്ചിരിക്കുന്നു എന്ന് പ്രചരിപ്പിച്ച് Whiteman's burden എന്ന സിദ്ധാന്തം രൂപപ്പെടുത്താൻ വിദേശികളെ സഹായിക്കുകയും ചെയ്തു.

ഭാരതീയ തത്ത്വചിന്തയെപ്പറ്റി പുറംലോകമാദ്യമറിഞ്ഞത് ദാരാ ഷെക്കോവിന്റെ പരിഭാഷകളിലൂടെയായിരുന്നു. പിന്നീടാണ് പാശ്ചാത്യപണ്ഡിതന്മാർ ഇതുമായി ബന്ധപ്പെടുന്നത്. ഇന്ത്യയിലെത്തിയ ഇവർ പലയിടത്തുമുള്ള പുരോഹിതന്മാരിൽനിന്ന് സംസ്കൃതം അല്പാല്പം പഠിക്കുകയും പ്രാചീനഗ്രന്ഥങ്ങൾ പരിഭാഷപ്പെടുത്തുകയുമായിരുന്നു. ഭാരതീയചിന്തകളെ ആഗോളതലത്തിലെത്തിക്കുന്നതിൽ ഈ പണ്ഡിതന്മാർ വഹിച്ച പങ്ക് വലുതാണ്. എങ്കിലും അവരുടെ സമീപനത്തിൽ പ്രകടമായൊരു ദൗർബ്ബല്യമുണ്ടായിരുന്നു. സ്വാഭാവികമായി അവർക്ക് ലഭിച്ച പാഠവ്യാഖ്യാനങ്ങൾ പുരോഹിതപക്ഷത്തുനിന്നായിരുന്നു. പിൽക്കാലത്ത് രൂപപ്പെട്ട 'ഓറിയന്റലിസ'ത്തിന്റെ പശ്ചാത്തലമിതായിരുന്നു. ഭാരതത്തിലെ വിവിധഭാഗങ്ങളിലുള്ള അനേകം ദേശഭാഷകളും അവയിലൂടെ പ്രകടമായ ചിന്തകളും വിദേശീയർക്കന്യമായിരുന്നു. പാശ്ചാത്യരാകെ ഇന്ത്യയുടേതായി പഠിച്ച സംസ്കൃതഭാഷ ലുപ്തപ്രചാരമായെന്നുപോലും അവരറിഞ്ഞില്ല. ഇന്ത്യയെന്നാൽ സംസ്കൃതം, അതിൽ വിവരിക്കുന്ന വേദങ്ങളുടെ നാട് എന്ന് ഗ്രഹിക്കാനേ അവർക്ക് കഴിഞ്ഞുള്ളൂ. ഭാരതത്തിന്റെ ഭാഷാവൈവിധ്യമോ ചിന്താവൈപുല്യമോ ബഹുസ്വരതയോ ഒന്നും, ദൗർഭാഗ്യവശാൽ, ആരും അവരെ അറിയിച്ചില്ല. അത്തരമൊരു വീക്ഷണം അവരെ പഠിപ്പിച്ച പണ്ഡിതന്മാർക്കുണ്ടായിരുന്നുമില്ല.

ഈയൊരു പശ്ചാത്തലത്തിൽ ഭാരതീയചിന്തയ്ക്ക് ബ്രാഹ്മണീയമായൊരു പരിപ്രേക്ഷ്യ മാണ്, പാശ്ചാത്യർ നൽകിയത്. അതിനെ പ്രചരിപ്പിക്കുകയാണ് രാധാകൃഷ്ണനെ പ്പോലുള്ളവർ ചെയ്തത്. ഇതിന്റെ അടിസ്ഥാനത്തിലാണ് ഭാരതീയതയുടെ ചിഹ്നം അദ്ധ്യാത്മികത ആണെന്ന് ഇന്നും നാം ആഘോഷിക്കുന്നത്.

ഈ മണൽക്കൊട്ടാരത്തെ ഇടിച്ചുനിരത്തുകയാണ് ദേബീപ്രസാദ് ചെയ്തത്. രണ്ടുതര ത്തിലാണ് ഭാരതത്തിന്റെ ഭൗതികചിന്താസരണികളെ അദ്ദേഹം വിശകലനം ചെയ്യുന്ന ത്. വിവിധ ദർശനങ്ങളിലുള്ള ഭൗതികധാരകളെ കണ്ടെത്തുകയാണ് ഒന്ന്; കേവലഭൗ തികമായ ലോകായതത്തിന്റെ ശാസ്ത്രീയത തെളിയിക്കുകയാണ് രണ്ടാമത്തെ രീതി. പതിനെട്ട് വിദ്യകളാണ് ആകെയുള്ളത്. ഇവയിൽ അധികവും ഭൗതികകാര്യങ്ങളെ യാണ് വിവരിക്കുന്നത്. കാമശാസ്ത്രംപോലുള്ള തികച്ചും വൈഷയികമായവ വേറെ യുമുണ്ട്. ദർശനങ്ങൾ ആറുണ്ട്: ന്യായം - വൈശേഷികം, സാംഖ്യം - യോഗം, പൂർവ്വ മീമാംസ - ഉത്തരമീമാംസ. ഇവയൊന്നും വിവരിക്കുന്ന പ്രപഞ്ചഘടനയിൽ ഇന്നു നമുക്ക് പരിചയമുള്ള ഈശ്വരൻ അവിഭാജ്യഘടകമല്ല. പിൽക്കാല ന്യായശാസ്ത്രം ഈശ്വരനെ അനുമിക്കുന്നുണ്ടെങ്കിലും ന്യായശാസ്ത്രത്തിന്റെ അടിസ്ഥാനഘടന കാര്യ കാരണബന്ധത്തിലുറച്ചതാണ്. കാര്യമുണ്ടാകാൻ കാരണം വേണം. പ്രപഞ്ചത്തിന് കാരണം ഈശ്വരനാണ്; അപ്പോൾ ഈശ്വരന് കാരണമോ? ‘അമൂലം മൂല’മെന്ന് ആദ്യ കാരണവാദത്തിന് ഉത്തരം നൽകുന്നത് ഇരുട്ടുകൊണ്ട് ഓട്ടയടയ്ക്കലേ ആവൂ. യുക്തി യിലുറച്ച ന്യായശാസ്ത്രം ഇത്തരമൊരുയുക്തി സമ്മതിക്കുകയില്ല. അണു പരിണാമം മൂലമാണ് പ്രപഞ്ചമുണ്ടായതെന്ന് വാദിക്കുന്ന വൈശേഷികത്തിൽ ഈശ്വരചിന്തതന്നെ അപ്രസക്തമാണ്. പ്രകൃതിപുരുഷപരിണാമത്തിലാണ് സാംഖ്യത്തിന്റെ ഊന്നൽ. നിരീ ശ്വരസാംഖ്യമെന്ന് ഒരു വിശേഷണം കൂടി ഉണ്ട് അതിന്. യോഗത്തിൽ പുരുഷൻ ഈശ്വ രനാണെന്ന് വാദത്തിന് വേണ്ടി പറയാം. പൂർവ്വമീമാംസ യജ്ഞക്രിയകളുടെ വിവരണ മാണ്. കർമ്മസിദ്ധാന്തമാണവിടെ പ്രസക്തമാകുന്നത്. ഉത്തരമീമാംസ എന്ന് വിശേ ഷിപ്പിക്കുന്ന സാക്ഷാത് വേദാന്തത്തിന് പോലും പ്രപഞ്ചസൃഷ്ടിക്ക് ഒരു കർത്താവിനെ ആവശ്യമില്ല. വിവർത്തവാദമാണ് വേദാന്തത്തിന്റെ വഴി. ചുരുക്കത്തിൽ, ജ്ഞാനകർമ്മ ങ്ങളിൽ ഊന്നുന്ന വൈദികചിന്തകളിൽ നിന്നുരുത്തിരിഞ്ഞ ഷഡ്ദർശനങ്ങളിൽ, ദാർശ നികതലത്തിൽ, ഈശ്വരസാന്നിധ്യം ഇല്ല, അനിവാര്യവും അല്ല. പിൽക്കാലത്ത് വളർന്നു വന്ന ഭക്തിപ്രസ്ഥാനമാണ് മൂർത്തിമത്തായ ഈശ്വരനെ കല്പിച്ചത്; അതുപക്ഷേ, ദാർശനികധാരയല്ലതാനും. അതുകൊണ്ടാണ് നാസ്തികൻ എന്നതിന് നിരീശ്വരവാദി എന്ന് സംസ്കൃതത്തിൽ അർത്ഥമില്ലാത്തത്. വേദങ്ങളുടെ പ്രാമാണ്യമംഗീകരിക്കുന്ന വൻ ആസ്തികൻ, വേദത്തെ പ്രമാണമാക്കാത്തവൻ നാസ്തികൻ എന്നാണ് ഈ സംസ്കൃതപദങ്ങളുടെ അർത്ഥവിവേചനം. ഈശ്വരനില്ലെന്ന് വിശ്വസിക്കുന്നവൻ നാസ്തികൻ എന്ന ആധുനിക അർത്ഥകല്പന പ്രാചീനദർശനങ്ങളെ സംബന്ധിച്ചിട ത്തോളം അപ്രസക്തമാണ്.

മേല്പറഞ്ഞ ഈ ആറ് ദർശനങ്ങളും ആസ്തികങ്ങളാണ് - വേദത്തിന്റെ പ്രാധാന്യം അംഗീകരിക്കുന്നവയാണ്. എന്നാൽ അങ്ങനെയല്ലാത്ത മൂന്ന് നാസ്തിക ദർശനങ്ങളുണ്ട് - ലോകായതം (ചാർവാകം), ബൗദ്ധം, ജൈനം. ഭാരതീയചിന്തയ്ക്ക് സമാന്തരമായ രണ്ട് ധാരകൾ ഉണ്ടായിരുന്നു - ഒന്ന്, വൈദികം, മറ്റൊന്നു വൈദികവിരുദ്ധം.

ഇവയിൽ വൈദികവും ലോകായതവുമാണ് നേർക്കുനേർ ഏറ്റുമുട്ടിയത്. വൈദികപാരമ്പര്യത്തിന് കർമ്മവും ജ്ഞാനവുമെന്ന രണ്ടു ധാരകളുണ്ട്. ആദ്യത്തേത് യാഗാനുഷ്ഠാനം. യാഗത്തിന് യാതൊരുഫലവുമില്ലെന്നും സ്വർഗ്ഗത്തിൽ പോകാമെന്ന് പറയുന്നതൊക്കെ പൊളിയാണെന്നും ചാർവാകർ പരസ്യമായി പ്രഖ്യാപിച്ചു. ഒരു പടികൂടി കടന്ന് പുരോഹിതന്മാരുടെ വയറ്റിൽപിഴപ്പിനുള്ള സൂത്രങ്ങളാണിതൊക്കെ എന്ന് കൂസലെന്യേ അവർ വിളിച്ചുപറഞ്ഞു. യജ്ഞപക്ഷപാതികളായ മീമാംസകരെ കുറച്ചൊന്നുമല്ല ഈ വാദങ്ങൾ അലോരസപ്പെടുത്തിയത്. താത്ത്വികതലത്തിലുള്ള ജ്ഞാനമാർഗ്ഗത്തെയും ചാർവ്വാകർ വിമർശിച്ചു. നാലുതരത്തിലുള്ള പ്രമാണങ്ങളെയാണ് സാമാന്യേന ഷഢ്ദർശനങ്ങൾ അംഗീകരിച്ചിട്ടുള്ളത് - പ്രത്യക്ഷം, അനുമാനം, ഉപമാനം, ശാബ്ദം. വേദങ്ങളുടെ നിത്യത തെളിയിക്കാനാണ് മറ്റുള്ളവർ ശാബ്ദമംഗീകരിച്ചത്. അപൗരുഷേയവും ആദിരഹിതവുമാണ് വേദങ്ങൾ. ഈ വാദം പൊളിക്കാനാണ് ശാബ്ദത്തെ ഭൗതികവാദികൾ നിഷേധിച്ചത്. കേൾക്കുന്ന ശബ്ദം പ്രത്യക്ഷത്തിൽപെടുമല്ലോ. നൈയായികർക്ക് ഈശ്വരനെ സ്ഥാപിക്കാൻ അനുമാനം വേണം; അനുമാനം പോലെതന്നെ ഉപമാനവും. അതിനെയും ചാർവാകർ നിഷേധിച്ചു. അവശേഷിക്കുന്നത് പ്രത്യക്ഷമാണ്. അതുമാത്രമേ പ്രമാണമായിട്ട് ഉള്ളൂ. ഇന്ദ്രിയങ്ങളിലൂടെ നേരിട്ടനുഭവമുള്ളതിനെ മാത്രം അംഗീകരിച്ചാൽ മതി. അതോടെ ഈ ലോകത്തിനപ്പുറമുള്ളതൊക്കെ ലോകായതികർ നിഷേധിച്ചു. പരലോകത്തെയും അവിടെയുണ്ടെന്ന് വാഴ്ത്തുന്ന സൗഭാഗ്യങ്ങളേയുമൊക്കെ ചാർവാകന്മാർ പുച്ഛിച്ചുതള്ളി.

ബൗദ്ധന്മാരുടെ വിരോധം അധികവും ജീവകാരുണ്യപരമായിരുന്നു. പൗരോഹിത്യം ബൗദ്ധർക്കംഗീകരിക്കാൻ വയ്യ. അതുപോലെ തന്നെ വ്യക്തിക്ക് കാര്യം നേടാനുള്ള അനുഷ്ഠാനങ്ങളെയും, കാരണം സമൂഹാലംബനങ്ങളായ സംഘജീവിതത്തെയാണ് അവർ പ്രോത്സാഹിപ്പിച്ചത്. ബൗദ്ധർക്കേറ്റവുമധികം എതിർപ്പ് യാഗത്തിലെ ജന്തുഹിംസയോടായിരുന്നു. യാഗത്തിനാണെങ്കിൽ ജന്തുഹിംസ പാപമായി കണക്കാക്കാൻ വൈദികർക്കാകുമായിരുന്നില്ല. ഇതിനെതിരെ ബൗദ്ധർ ഉയർത്തിയ വെല്ലുവിളി യാഗശാലകളെ വിറപ്പിച്ചു. ഋഷിമാർക്കിടയിൽത്തന്നെ യാഗപശുവിനെ ഹോമിക്കുന്നതിനെതിരെ വ്യാപകമായ വിപ്രതിപത്തി വളർന്നുവന്നു. ധാന്യംകൊണ്ട് പശുരൂപമുണ്ടാക്കി ഹോമിച്ചാൽ മതിയെന്ന് അഭിപ്രായമുണ്ടായി. അപ്പോഴുമുണ്ടായി മറ്റൊരു പ്രശ്നം. ധാന്യത്തിനും ജീവനുണ്ട്, വിത്തിൽനിന്നാണല്ലോ മുളയും സസ്യവുമുണ്ടാകുന്നത്. അതിനാൽ മൂന്നുവർഷം പഴകിയ, പ്രജനനശക്തി നശിച്ച ധാന്യം എന്നൊരൊത്തുതീർപ്പുണ്ടാക്കി.

ജൈനന്മാർ വേദത്തെ അംഗീകരിച്ചില്ല, എന്നാൽ നേരിട്ടൊരു സംഘർഷത്തിന് വന്ന തുമില്ല. ബൗദ്ധരും ജൈനരും ഉപയോഗിച്ചത് പ്രാദേശിക ഭാഷകളായിരുന്നതിനാൽ അവരുടെ വ്യവഹാരമണ്ഡലം വേറെ ആയിരുന്നു. ലോകായതികർ പക്ഷേ സംസ്കൃ തത്തിൽതന്നെ നേർക്കുനേർ പൊരുതിനിന്നു.

ഈ മൂന്നു ധാരകളിൽ വൈദികചിന്തയ്ക്ക് അസ്വസ്ഥതകളേറെയുയർത്തിയത് ലോകാ യതമായിരുന്നു. എന്നാൽ സംഘടിതമല്ലാതിരുന്നതുകൊണ്ട് ആ ഭീഷണിയെ തരണം ചെയ്യാൻ വൈദികർക്ക് കഴിഞ്ഞു. അതിനവരുപയോഗിച്ചത്, മഹാഭാരതത്തിൽ വിവരി ച്ചപോലെ ചാർവാകരെ അസുരന്മാരും അസന്മാർഗികളുമായി അവതരിപ്പിക്കുകയായി രുന്നു. കുടിച്ചും മദിച്ചും നടക്കുന്ന ആഭാസന്മാരുടെ ചിത്രമാണ് ഇവരെപ്പറ്റി സമൂഹ ത്തിൽ പ്രചരിപ്പിച്ചത്. മാത്രവുമല്ല, കൈയ്യിൽകിട്ടിയപ്പോൾ ചാർവ്വാകന്മാരെ എന്നപോലെ അവരുടെ ഗ്രന്ഥശേഖരങ്ങളെയും അഗ്നിക്കിരയാക്കുകയും ചെയ്തു. ഈ സാഹചര്യ ത്തിലാണ് ലോകായതദർശനത്തെ വീണ്ടെടുക്കുന്നതിന് വേണ്ടിയുള്ള ദേബീപ്രസാ ദിന്റെ ശ്രമങ്ങളെ കാണേണ്ടത്. കഠിനമായ ആ ശ്രമത്തിന്റെ വിശിഷ്ടഫലമാണ് 'ലോകാ യത' എന്ന ബൃഹദ്ഗ്രന്ഥം.

ലോകായതം എന്ന പേരിനുതന്നെ പല അർത്ഥതലങ്ങളുണ്ട്. ഇക്കാണായ ലോകത്തി നപ്പുറം ഒന്നുമില്ലെന്ന് വിശ്വസിക്കുന്നവർ എന്നാകാം അർത്ഥം. ആയതത്തിന് ആയത നമെന്ന് അർത്ഥമെടുത്ത് ഇഹലോകത്തെ അടിസ്ഥാനമാക്കിയ ദർശനം എന്നുമർത്ഥം പറയാം. ഭൗതികവാദത്തിന്റെ പര്യായമെന്ന നിലയിൽ ലോകായതം എന്നുപയോ ഗിക്കാം. ചാർവാകം എന്നതിന് ചാരുവായ - ആകർഷകമായ - വാക്കുള്ളവൻ എന്നാ ണർത്ഥം. ലോകായത ദർശനത്തിന്റെ ജനപ്രിയതയെ ആണ് ഇത് സൂചിപ്പിക്കുന്നത്.

ദേവഗുരുവായ ബൃഹസ്പതിയാണ് ലോകായതദർശനത്തിന്റെ പിതാവ്. മറ്റുദർശന ങ്ങളെപ്പോലെ തന്നെ ലോകായതത്തിനും അടിസ്ഥാനം സൂത്രങ്ങളായിരുന്നു. ബൃഹ സ്പതി സൂത്രത്തിൽനിന്നുള്ള ഉദ്ധരണികൾ ലഭ്യമാണ്. ചാർവാകമതത്തിലെ ഗ്രന്ഥ കാരന്മാരെപ്പറ്റിയും ഭാഷ്യങ്ങളെപ്പറ്റിയും പ്രാചീനഗ്രന്ഥങ്ങളിൽ പരാമർശങ്ങളുണ്ട്. ഇവ യൊക്കെയുണ്ടെങ്കിലും മൂലഗ്രന്ഥങ്ങൾ കിട്ടാത്തതിനാൽ, ലോകായതദർശനത്തെ നിഷേ ധിക്കാൻ വേണ്ടി പൂർവ്വപക്ഷികൾ സംഗ്രഹിച്ചിരിക്കുന്ന, നിഷ്പക്ഷമാകാനിടയില്ലാ ത്ത, വിവരണങ്ങളിൽനിന്നുവേണം ദർശനത്തെ പുനഃസൃഷ്ടിക്കാൻ. അത്രവലിയ ദ്രോഹ മാണ് ചാർവ്വാകരോട് വൈദികർ ചെയ്തത്. ലോകായതം ഉയർത്തുന്ന പ്രധാനപ്പെട്ട ആശയം ദേഹവാദമാണ്, ഇത് ആത്മവാദത്തിനെതിരാണ്. ശരീരമാണ് പ്രധാനം എന്നാണ് ദേഹവാദത്തിന്റെ പൊരുൾ.

അപ്പോൾ ഭാരതീയതത്ത്വചിന്ത ആദ്ധ്യാത്മികമാണ് എന്ന നിലവിലുള്ള വാദം ഇങ്ങനെ തിരുത്തണം. ആത്മവാദം എന്ന ആശയവാദവും ദേഹവാദം എന്ന ഭൗതികവാദവും ആദ്യം മുതലേ ഇന്ത്യയിൽ ഉണ്ടായിരുന്നു. രണ്ടും സമാന്തരരേഖകളിലാണ് സഞ്ചരി

ച്ചത്. ഇവയിൽ പ്രചാരവും ജനപ്രീതിയും ഉണ്ടായിരുന്നത് ദേഹവാദ ചിന്തകൾക്കായിരുന്നു. ലോകായതികരുടെ ഈ ഇഹപരത ബൗദ്ധജൈന ചിന്തകളുടെ വേദവിരുദ്ധതയ്ക്ക് പ്രചോദകമായിരുന്നിരിക്കാൻ സാദ്ധ്യതയുണ്ട്. ഈ പശ്ചാത്തലത്തിൽ ആദ്ധ്യാത്മികതയാണ് ഇന്ത്യയുടെ സവിശേഷത എന്ന വാദം തിരുത്തേണ്ടതാണ്. കോടിക്കണക്കായ സാധാരണ ജനങ്ങളെ അങ്ങനെയൊരുവാദം വ്സ്മരിക്കുന്നു.

**3. ചരിത്രധാരകൾ**

ഭാരതീയർക്ക് ചരിത്രബോധമില്ലെന്ന് പാശ്ചാത്യർ പരിഭവിക്കാറുണ്ട്. ചരിത്രബോധമില്ലെന്നല്ല, സത്യവും മിഥ്യയും തമ്മിൽ വേർതിരിച്ചുള്ള ശാസ്ത്രീയവിശകലനം ചരിത്രകാര്യങ്ങളിൽ ദുർബ്ബലമായിരുന്നു എന്നാണ് പറയേണ്ടത്. ആധുനികകാലത്തെ നമ്മുടെ ചരിത്രരചനയ്ക്ക് മൂന്നു മുഖ്യധാരകളുണ്ട്.

1. കൊളണിയൽ ചരിത്രരചന : ജെയിംസ് മില്ലിനെപ്പോലെയുള്ളവർ ഹിന്ദുരാഷ്ട്രം എന്ന സുവർണ്ണകാലം, വൈദേശികാക്രമണം എന്ന മുഗൾകാലം, പാശ്ചാത്യഭരണം എന്ന പരിഷ്കൃതകാലം എന്ന് ഇന്ത്യാചരിത്രത്തെ മൂന്നായിതിരിച്ച് വ്യവഹരിക്കുന്നു. ഇതിന് വ്യക്തമായ കാരണങ്ങളുണ്ട്. ഇന്ത്യൻജനതയെ പലതട്ടുകളിലാക്കാനും ബ്രിട്ടീഷ് അധിനിവേശത്തിന്റെ ആധുനികതയെ സ്വീകാര്യമാക്കാനുമായിരുന്നു ഈ ചരിത്രരചന.

2. ദേശീയചരിത്രരചന : ദേശീയചരിത്രകാരന്മാർ എന്ന് സ്വയം വിശേഷിപ്പിക്കുന്നവർ നടത്തിയ ചരിത്രരചനകളാണീ ധാരയിൽ മുഖ്യമായിവരുന്നത്. ഓറിയന്റലിസ്റ്റുകളവതരിപ്പിച്ച ഇന്ത്യയുടെ സുവർണഭൂതകാലമായിരുന്നു ഇവരുടെ മനസ്സിലുണ്ടായിരുന്നത്. ഋഗ്വേദത്തിലാരംഭിച്ച് അനേകം രാജവംശങ്ങളിലൂടെ കടന്നുവരുന്ന ഒരു രാജ്യത്തിന്റെ ചരിത്രമാണ് അവർ വർണിച്ചത്. കെ.പി. ജയസ്വാൾ, ആർ.സി.മംജുദാർ, ഡി.ആർ. ഭണ്ഡാർകർ, യു.എൻ. ഘോഷാൽ, എ.കെ. സെൻ, പി.സി. ബസു തുടങ്ങിയവരായിരുന്നു ഇവരിൽ പ്രമുഖർ. ജെയിംസ് മില്ലും മാക്സ്മുള്ളറും നിർമ്മിച്ച ഫ്രെയിമിലൂടെയാണ് ഇവർ സഞ്ചരിച്ചത്.

3. സാമൂഹ്യലക്ഷ്യമുള്ള ചരിത്രരചന : 1920 കളിൽ മോഹൻജോദാരയിലെ ഉത്ഖനനങ്ങളുടെ ഫലങ്ങൾ പുറത്തുവന്നതോടെ ഓറിയന്റലിസ്റ്റുകൾ വരച്ച് വെച്ചിരുന്ന ഇന്ത്യയുടെ ചരിത്രത്തിന് മാറ്റം വന്നു. ഋഗ്വേദത്തിനും മുൻപുണ്ടായിരുന്ന സംസ്കൃതികളിലേയ്ക്കത് വെളിച്ചംവീശി.

മറ്റൊന്ന്, മുൻപറഞ്ഞ ചരിത്രങ്ങളിൽ വൈദികേതര ചരിത്രങ്ങൾക്ക് അർഹമായ സ്ഥാനം നൽകിയിരുന്നില്ല. രാഹുൽസാംകൃത്യായനെപ്പോലുള്ളവർ ബുദ്ധമതപഠനങ്ങൾക്ക് പ്രാധാന്യം കൊടുത്തു. ഈ വഴി പിന്തുടർന്ന ആളാണ് ധർമ്മാനന്ദ കോസാംബി. ബൗദ്ധപഠനങ്ങൾക്ക് അർപ്പിച്ച ജീവിതമായിരുന്നു അദ്ദേഹത്തിന്റേത്. അദ്ദേഹത്തിന്റെ

പുത്രനാണ് ദാമോദർ ധർമ്മാനന്ദ് (ഡി.ഡി.) കോസാംബി (1907–1966). 'ശാസ്ത്രീയ ഇന്ത്യൻ ചരിത്രരചനയുടെ പിതാവ്' എന്ന് അദ്ദേഹത്തെ വിളിക്കാവുന്നതാണ്. 1954 -ൽ അദ്ദേഹം പ്രസിദ്ധീകരിച്ച 'ഇന്ത്യാചരിത്രപഠനത്തിനൊരു മുഖവുര' ചരിത്രരചനയ്ക്ക് പുതിയൊരു രീതിശാസ്ത്രം സംഭാവന ചെയ്തു.

> 'ശാസ്ത്രീയമായ ചരിത്രരചനയ്ക്ക്, വിശേഷിച്ച് ചരിത്രപരമായ ഭൗതികവാദത്തെ അടിസ്ഥാനമാക്കിയ ചരിത്രരചനയ്ക്ക് രണ്ടുതരം ഉപാധികൾ ഉപയോഗിക്കേണ്ടതായിട്ടുണ്ട്: ആത്മനിഷ്ഠോപാധികളും വസ്തുനിഷ്ഠോപാധികളും. എഴുതപ്പെട്ട തെളിവുകൾ (literary evidence) ആത്മനിഷ്ഠ വിഭാഗത്തിൽപ്പെടുന്നു. അവയെ അതേ രൂപത്തിൽത്തന്നെ ചരിത്രരചനയ്ക്ക് ഉപയോഗിക്കുന്നത് ഒരാളെപ്പറ്റി വിലയിരുത്താൻ അയാൾതന്നെ തരുന്ന അഭിപ്രായങ്ങൾ അപ്പാടെ സ്വീകരിക്കുന്നതുപോലെ അപര്യാപ്തമായിരിക്കും. കോടതി വ്യവഹാരത്തിൽ വരമൊഴിത്തെളിവിന് വാമൊഴിയേക്കാൾ മൂല്യം കല്പിക്കുന്നതുപോലെ ചരിത്രരചനയിൽ കല്പിച്ചുകൂടാ. ഒന്നാമതായി എഴുതിവെച്ചവ എഴുതാൻ കഴിവുള്ള അധികാരിവർഗത്തിന്റെ വകയായിരിക്കും. ഈ കുറവുകൾ ഉണ്ടെങ്കിലും വരമൊഴിത്തെളിവുകൾ ചരിത്രരചനയിൽ അനുപേക്ഷണീയങ്ങൾതന്നെ. വിവേചനത്തോടെ വിമർശനാത്മകമായി ഉപയോഗപ്പെടുത്തുന്നതോടൊപ്പം വസ്തുനിഷ്ഠതെളിവുകളുമായി ഇവ തട്ടിച്ചുനോക്കണം. പൂർവികർ അവശേഷിപ്പിച്ച പണിയായുധങ്ങളും നഗരാവശിഷ്ടങ്ങളും കെട്ടിടങ്ങളും വിഗ്രഹങ്ങളും മറ്റും വസ്തുനിഷ്ഠ തെളിവുകളാണ്. നിഷ്പക്ഷവും അനിഷേധ്യവും ആണ് വസ്തുനിഷ്ഠ തെളിവുകൾ. ഭാഷ ഉപയോഗിച്ചവർക്ക് അജ്ഞാതമായി ഭാഷപ്രയോഗത്തിലും വാക്കുകളുടെ അർത്ഥവ്യതിയാനങ്ങളിലും പ്രകടമാവുന്ന തെളിവുകളും ഒരർത്ഥത്തിൽ വസ്തുനിഷ്ഠതെളിവുകളാണ്. അതുകൊണ്ട് നരവംശശാസ്ത്രവും പുരാവസ്തു വിജ്ഞാനീയവും ഭാഷാശാസ്ത്രവും ചരിത്രരചനയിൽ വലിയ പ്രാധാന്യമർഹിക്കുന്നു. ഈ രണ്ടുതരം തെളിവുകളും സമന്വയിപ്പിച്ച് വിശകലനം ചെയ്ത് ഇന്ത്യയ്ക്ക് അതിന്റേതായ ഒരു ചരിത്രരചനാശൈലി വാർത്തെടുത്താൽ ദുർഘടങ്ങളെ ക്കുറിച്ചു വിലപിക്കേണ്ടിവരില്ല.' (കൊസാംബി – 'മിത്തും യാഥാർത്ഥ്യവും' പേജ് xxxii)

ഈ രീതി പിന്തുടർന്ന ചരിത്രകാരന്മാരുടെ പുതിയൊരു നിര ആധുനികരീതിയിൽ കഴിഞ്ഞ നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ ഇന്ത്യാചരിത്രത്തിൽ പഠനഗവേഷണങ്ങൾ ആരംഭിച്ചു. ദേബീപ്രസാദ് ചതോപാദ്ധ്യായ, ആർ.എസ്. ശർമ, കെ.എൻ. പണിക്കർ, റൊമിലാതാപ്പർ എന്നിവരാണ് പിൽക്കാലത്ത് അതിന് നേതൃത്വം നൽകിയത്. കേരളത്തിൽ രാജൻഗുരുക്കൾ, കെ.എൻ. ഗണേശ് തുടങ്ങിയ ആധുനികചരിത്രകാരന്മാർ ഈ വഴിയിൽ സഞ്ചരിക്കുന്നവരാണ്.

ഒരു രാജ്യത്തിന്റെ ചരിത്രം ആ രാജ്യത്തിലെ ജനങ്ങളുടെ ചരിത്രമാണെന്നും ജനങ്ങൾ എന്ന് പറയുമ്പോൾ ഏറ്റവും താഴെത്തട്ടിൽ ഉള്ളവർ വരെ വരുമെന്നും നാം ഇപ്പോൾ തിരിച്ചറിയുന്നു. അതുപോലെ സംസ്കാരമെന്നത് വരേണ്യമായ ന്യൂനപക്ഷത്തിന്റെ മാത്രം ശബ്ദമല്ലെന്നും ഭൂരിപക്ഷത്തിന്റേത്, അതെത്രദുർബലമായാലും, കൂടി ചേർന്നാലേ അതു പൂർണാകുകയുള്ളൂ എന്നും നമുക്കറിയാം.

ശാസ്ത്രരംഗത്തും തത്ത്വശാസ്ത്രത്തിന്റേയും ചരിത്രത്തിന്റേയും കാര്യത്തിലും നമുക്കുണ്ടായ ശാസ്ത്രീയമായ അവബോധത്തിന് നാം കടപ്പെട്ടിരിക്കുന്ന് ദേബീപ്രസാദിനോടും ഒപ്പം സഞ്ചരിച്ച അനവധി പണ്ഡിതന്മാരോടുമാണ്. ശാസ്ത്രജ്ഞന്മാർക്കിടയിൽ പോലും 'ശാസ്ത്രനിരക്ഷരത' വർദ്ധിച്ചുവരുന്ന വർത്തമാനകാലത്ത് ശാസ്ത്രീയമായ സത്യാന്വേഷണങ്ങൾ നടത്തിയവരെ പേർത്തും പേർത്തും നാം ഓർക്കേണ്ടതുണ്ട്.

---

കെ.ജി. പൗലോസ്, മനുസ്മൃതി, താമരക്കുളങ്ങര, തൃപ്പൂണിത്തുറ – 682 301, ഫോൺ: 9846041205, E-mail: kgpaulose@gmail.com, www.kgpaulose@info.com.